## A) നിലവിലുള്ള ഒരു പേജിലേക്ക് കണ്ണിചേർക്കൽ

സ്കൂൾവിക്കിയുടെ ഒരുപേജിൽ വളരെക്കൂടുതൽ വിവരങ്ങൾ ചേർക്കുന്നത് വായനയ്ക്ക് അസൗകര്യമുണ്ടാക്കുകയും പേജ് ബ്രൗസറിൽ തുറന്നുകിട്ടാൻ പ്രയാസമുണ്ടാക്കുകയും ചെയ്യും. എളുപ്പത്തിൽ നമുക്കാവശ്യമായ വിവരങ്ങളിലേക്കെത്തുന്നതിന് വേണ്ടി, ഉപതാളുകൾ സൃഷ്ടിച്ച് വിവരങ്ങളെ തരംതിരിച്ച് രേഖപ്പെടുത്താൻ സൗകര്യമൊരുക്കിയിരിക്കുന്നത് ഈ പ്രശ്നം ഒഴിവാക്കുന്നതിനാണ്. ഇങ്ങനെ സൃഷ്ടിക്കുന്ന ഉപതാളുകളിലേക്ക് കൃത്യമായി കണ്ണി ചേർക്കണം, അല്ലാത്തപക്ഷം അവ സ്വതന്ത്രതാളുകളായി നിലനിൽക്കുകയും വായനയ്ക്ക് ലഭ്യമല്ലാതായിത്തീരുകയും ചെയ്യും. ഉപതാളുകൾ സൃഷ്ടിക്കുന്നതെങ്ങനെയെന്നും അവയിലേക്ക് കണ്ണിചേർക്കുന്നതെങ്ങനെയെന്നും താഴെ വിവരിക്കുന്നു.

വിദ്യാലയത്തിന്റെ **ചരിത്രം** വളരെ വിശദമായി ചേർക്കണമെന്ന് കരുതുക. മുഴുവൻ ഉള്ളടക്കവും പ്രധാനപേജിൽ ചേർത്താൽ പേജിന്റെ വലുപ്പം വളരെക്കൂടും എന്നതിനാൽ, ചെറിയൊരു ഭാഗം പ്രധാന പേജിൽച്ചേർത്ത് ബാക്കി വിശദമായി **ചരിത്രം എന്ന ടാബിലുള്ള പേജിൽ** ചേർക്കാം. എന്നാൽ ഈ പേജ് പ്രധാന പേജിൽ കണ്ണി ചേർക്കണം.







*ചരിത്രം എന്ന ടാബ് തുറക്കുമ്പോൾ ലഭിക്കുന്ന Destination Page ന്റെ തലക്കെട്ട് ശ്രദ്ധിക്കുക.* **"സ്കൂൾ പേര്/ചരിത്രം"** **.** *ഇങ്ങനെ വന്നാൽ മാത്രമേ സ്കൂൾപേജിന്റെ ഉപതാളായി വരികയുള്ളൂ.*



**രജിസ്റ്റർ ചെയ്യുന്നതിനും മുൻ യൂണിറ്റ് ഫയലുകൾക്കും ഇവിടെ ക്ലിക്ക് ചെയ്യുക**




**ഏത് പേജിലേക്കാണോ കണ്ണി ചേർക്കേണ്ടത്** (Destination Page ) **ആ തലക്കെട്ട് (എ എം യു പി എസ് മാക്കൂട്ടം/ചരിത്രം) കോപ്പി ചെയ്യുക**




പ്രധാനതാളിലെ (Source Page) **ചരിത്രം** എന്നതിലെ ഉള്ളടക്കത്തിന്റെ ആമുഖഭാഗത്ത് കണ്ണിചേർക്കാനുള്ള **(തുടർന്നുവായിക്കുക)** എന്ന വാക്ക് ടൈപ്പ് ചെയ്ത് സെലക്റ്റ് ചെയ്യുക




**Tool Menu** വിലെ കണ്ണി **(Link)** ടൂളിൽ ക്ലിക്ക് ചെയ്യുക




**Destination Page തലക്കെട്ട് ചേർത്തു**

(**സ്കൂൾപേര്/ഉപതാളിന്റെ പേര്** എന്നതായിരിക്കണം നൽകേണ്ടത്. കണ്ണിചേർക്കുമ്പോൾ ഇങ്ങനെ ടൈപ്പ് ചെയ്ത് ചേർത്താലും മതി, എന്നാൽ, space ലോ മറ്റോ ചെറിയൊരു വ്യത്യാസം വന്നാൽപ്പോലും കണ്ണിമുറിയും. അതിനാൽ, Destination Page **ന്റെ തലക്കെട്ട് കോപ്പി ചെയ്ത് ചേർക്കുന്നതാണ് ഉചിതം.** )

- **ചെയ്തു** എന്നത് ക്ലിക്ക് ചെയ്യുക. **മാറ്റങ്ങൾ സേവ് ചെയ്യുക.**




**കണ്ണി ചേർക്കൽ പൂർത്തിയായി**

( **പ്രത്യേക ശ്രദ്ധയ്ക്ക്:** വളരെയേറെ പിഴവ് സംഭവിക്കുന്ന മേഖലയാണ് കണ്ണി ചേർക്കൽ. നിലവിൽ ഉള്ള പേജുകളിൽ അധികവും കണ്ണി ചേർത്തിട്ടുണ്ടാവാം. ഇല്ലെങ്കിൽ ചേർത്ത് നോക്കുക. പിഴവ് വന്നേക്കാമെന്ന ഭയത്താൽ പരിശീലിക്കാതിരിക്കരുത്. എന്തെങ്കിലും പ്രശ്നം അനുഭവപ്പെടുന്നുവെങ്കിൽ റിപ്പോർട്ട് ചെയ്യുക. പരിഹരിക്കാം. നിലവിലുള്ള പേജിലേക്ക് കണ്ണി ചേർക്കുന്നതാണ് ഇന്ന് വിശദീകരിക്കുന്നത്. എന്നാൽ, ഒരു കണ്ണി സൃഷ്ടിക്കുന്നതിനൊപ്പം പുതിയൊരു ഉപതാൾ സൃഷ്ടിക്കുന്നതാണ് നമുക്കേറ്റവും കൂടുതലായി ചെയ്യേണ്ടിവരുന്നത്. അത് Unit 17 ൽ വിശദീകരിക്കുന്നതാണ്. -- Vijayan Rajapuram, Co-ordinator Schoolwiki, 7012037067 ).